LIBRARY ARCHIVES Kerala Legislative Assembly

മൂന്നാംകൈ - കരിങ്ങാട് റോഡ്

104 (853) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേന പ്രഖ്യാപിച്ച മൂന്നാംകൈ-കരിങ്ങാട് റോഡ് പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) റോഡ് ഉയർച്ച താഴ്ച കൂടുതൽ ഉള്ളതിനാൽ കിഫ്ബി വഴി പ്രവൃത്തി നടത്താൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ പി.എം.ജി.എസ്.വൈ.(പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന)-ൽ ഉൾപ്പെടുത്താൻ കിഫ്ബി അവലോകന യോഗത്തിൽ എടുത്ത തീരുമാനപ്രകാരം നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

(എ&ബി) 10-7-2017-ലെ സ.ഉ(സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം മൂന്നാം കൈ - കൈവേലി റോഡ് പ്രവൃത്തിക്ക് 20 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി ലഭിച്ചു. പദ്ധതിയുടെ 31 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി 17-7-2019-ൽ സമർപ്പിച്ചിരുന്നു. കിഫ്ബിയുടെ ധനാനുമതി നൽകുന്നതിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധന റിപ്പോർട്ടും സാങ്കേതിക അവലോകന റിപ്പോർട്ടും 16-9-2019-നുതന്നെ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ടെന്നും PMGSY (പ്രധാനമന്ത്രി ഗ്രാം സഡക് യോജന)-യിൽ ഉൾപ്പെടുത്തി മേൽ പദ്ധതി പ്രവൃത്തി നടത്താൻ കിഫ്ബി തീരുമാനം കൈക്കൊണ്ടിട്ടില്ലെന്നും കിഫ്ബി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിന്റെ PMGSY സ്റ്റാൻഡേർഡിൽ പുതുക്കിയ എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധന നടത്തിവരികയാണ്.

പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതി

105 (854) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ-അമ്പലത്തറ-കാനായി-മണിയറ-മാതമംഗലം എന്ന പ്രവൃത്തിക്ക് ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ടെണ്ടറിന് അംഗീകാരം നൽകി കരാറുകാരനെ തെരഞ്ഞെടുക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?